# ശശികലടീച്ചർക്ക് അമേരിക്കയിൽ വൻസ്വീകരണം

**ന്യൂയോർക്ക്** : ഹിന്ദുഐക്യവേദി സംസ്ഥാന അധ്യക്ഷ കെ.പി.ശശികലടീച്ചർക്ക് അമേരിക്കയിൽ ഉടനീളം വൻ സ്വീകരണം. വാഷിംഗ്ടണിൽ നടന്ന കേരളഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ കൺവെൻഷനിൽ പങ്കെടുക്കാനാണ് ടീച്ചർ അമേരിക്കയിൽ എത്തിയത്. കൺവൻഷൻ വേദിയിലെ ടീച്ചറുടെ പ്രസംഗം ശ്രോതാക്കൾക്കെല്ലാം പുതിയൊരനുഭവമായിരുന്നു. കേരളത്തിലെ ഹിന്ദുസമൂഹം നേരിടുന്ന ദുരിതങ്ങൾ അനുഭവത്തിന്റെ സാക്ഷിപത്രവുമായി മനസ്സിൽ തറയ്ക്കുന്ന ഭാഷയിൽ ടീച്ചർ അവതരിപ്പിച്ചപ്പോൾ എല്ലാവർക്കും പുത്തൻ അറിവുകളായിമാറി. മതംമാറ്റത്തിന്റെ ഭീകരമുഖവും രാഷ്ട്രീയമായി ഒതുക്കപ്പെടുന്നതിന്റെ യഥാർത്ഥ ചിത്രവും ശശികല ടീച്ചർ വരച്ചുകാട്ടി. സദസ്സിലുള്ളവർ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് കയ്യടിച്ചാണ് പ്രസംഗത്തോട് പ്രതികരിച്ചത്.

പ്രസംഗം കഴിഞ്ഞ ഉടൻ വിവിധ സംസ്ഥാനങ്ങളിൽ നിന്നുവന്ന പ്രതിനിധികൾ ടീച്ചറെ വളഞ്ഞു. എല്ലാവർക്കും സ്വന്തംസ്റ്റേറ്റിൽ പ്രസംഗം വേണം.

തുടർന്ന് ആദ്യപരിപാടി ന്യൂയോർക്കിലായിരുന്നു. കെഎച്ച്എൻഎ, മഹിമ, എംബിഎ, എസ്എൻഎ, അയ്യപ്പസേവാസംഘം തുടങ്ങി എല്ലാ ഹിന്ദുസംഘടനകളുടെയും നേതൃത്വത്തിൽ ക്യൂൻസിൽ സംഘടിപ്പിച്ച പരിപാടിയിൽ രണ്ടുമണിക്കൂർ ശശികലടീച്ചർ പ്രസംഗിച്ചു. കേരളത്തിലെ ഹൈന്ദവസമൂഹം നേരിടുന്ന പ്രശ്നങ്ങളുടെ നേർചിത്രം ടീച്ചർ വരച്ചുകാട്ടി. എൻബിഎയുടെ പ്രത്യേക പരിപാടിയിലും വിവിധ വീടുകളിൽ നടന്ന സത്സംഗങ്ങളിലും ടീച്ചർ പങ്കെടുത്തു.

ലോസ്ആഞ്ചലസ്സിൽ ഓർഗനൈസേഷൻ ഓഫ് ഹിന്ദു മലയാളിസ്(ഓം) ആണ് ശശികലടീച്ചറിന് ആതിഥേയത്വം നൽകിയത്. പ്രസംഗം കേൾക്കാൻ പ്രമുഖരായ നിരവധി പേർ എത്തി. ചിക്കാഗോയിൽ ഗീതാമണ്ഡലവും ഹൂസ്റ്റണിൽ ഹിന്ദുസൊസൈറ്റിയുടെയും നേതൃത്വത്തിലാണ് ശശികലടീച്ചറിന്റെ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചത്. വാഷിംഗ്ടണിൽ മറ്റൊരു പ്രഭാഷണം സംഘടിപ്പിച്ചിട്ടുണ്ട്.

അമേരിക്കയിൽ താമസിക്കുന്ന മലയാളി ഹിന്ദുക്കളിൽ കൂടുതൽ ഐക്യബോധം സൃഷ്ടിക്കാൻ ശശികലടീച്ചറിന്റെ സാന്നിധ്യത്തിനും പ്രസംഗത്തിനും കഴിഞ്ഞു എന്ന അഭിപ്രായമാണ് ഇവിടുത്തെ ഹിന്ദുസംഘനേതാക്കൾക്ക് എല്ലാം.

വാഷിംഗ്ടൺ കൺവൻഷന്റെ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യം ശശികലടീച്ചറിന്റെ പ്രസംഗമായിരുന്നുവെന്ന് കെഎച്ചഎൻഎ പ്രസിഡന്റ് എം.ജി.മേനോൻ അഭിപ്രായപ്പെട്ടു. കെഎച്ച്എൻഎയുടെ പ്രമുഖ നേതാക്കളായ അനിൽകുമാർപിള്ള, ശശിധരൻനായർ, ഗണേശ്നായർ, രാജുനാണു, പാർത്ഥസാരഥിപിള്ള, വിനോദ് ബാഹുലേയൻ, സോമരാജൻനായർ, അരവിന്ദ്പിള്ള തുടങ്ങിയവരൊക്കെ അടുത്ത കൺവൻഷനിലും ശശികലടീച്ചറിന്റെ പ്രസംഗം ഉണ്ടായിരിക്കണം എന്ന നിലപാടിലാണ്. ഫ്ളോറിഡയിൽ നടക്കുന്ന കൺവെൻഷനിലും ടീച്ചർ മുഖ്യാതിഥികളിൽ ഒരാളായിരിക്കുമെന്ന് പുതിയ പ്രസിഡന്റ് അനന്ദൻനിരവേൽ സൂചിപ്പിച്ചു.